# ജനകീയാസൂത്രണത്തിന്റെ നാനാർത്ഥങ്ങൾ

*അധികാരം ജനതക്ക്*
*അതുമാത്രം പരിഹാരം*
*അറിയുന്നു നാമീ സത്യം*
*നിറയുന്നത് നാടിനുള്ളം...*

ഇതുവരെ തങ്ങളെ അടക്കിഭരിച്ച അധികാരിവർഗത്തെ കീഴടക്കി അവരെക്കൊണ്ട് ജനതയെ തോളിലേറ്റി പാട്ടുംപാടി പ്രവർത്തകർ ജനമദ്ധ്യത്തിലേക്കു നടന്നുനീങ്ങി.

അധികാര വികേന്ദ്രീകരണവും സാമൂഹ്യമാറ്റവും ലക്ഷ്യമാക്കി കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സംഘടിപ്പിച്ച നവലോക ജാഥ ജനങ്ങൾ ആവോളം ആസ്വദിച്ചു. പിന്നെ പൂരം കഴിഞ്ഞ ഉത്സവപ്പറമ്പുപോലെ എല്ലാം വിജനമായി. മലയാളിയുടെ മനസും ശൂന്യമായി. മേളകൾക്കുമിതെ മഹാമേളകൾ വന്ന് അവരുടെ മനസ് കീഴടക്കി. അവർക്ക് ഒന്നിനും സമയമില്ല, താത്പര്യവുമില്ല.

ഈ സന്ദർഭത്തിലാണ് ജനകീയാസൂത്രണത്തിന്റെ അരങ്ങേറ്റം. ഉപഭോഗ സംസ്കാരത്തിന്റെ പാരമ്യത്തിലെത്തിയ കാലം. പ്രാദേശിക തലത്തിൽ പദ്ധതികൾ വിഭാവന ചെയ്യുകയും നടപ്പിലാക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നതാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ കാതൽ. ഇതാകട്ടെ നാമോരോരുത്തരുടെയും പൂർണ പങ്കാളിത്തം ആവശ്യപ്പെടുന്നുമുണ്ട്.

ആഗോളവത്ക്കരണത്തിന്റെ ഫലമായി മാധ്യമങ്ങളിലൂടെയും മറ്റു തന്ത്രങ്ങളിലൂടെയും പാശ്ചാത്യമൂല്യങ്ങളും വികസന സങ്കല്പങ്ങളും ജീവിതരീതികളും നമ്മെ അടിച്ചേല്പ്പിച്ചു കഴിഞ്ഞതിനുശേഷമാണ് ഈ ആസൂത്രണ വികേന്ദ്രീകരണം വരുന്നതെന്നോർക്കുക. സായിപ്പിന് ലോകത്തിന്റെ ഒരു

**വി.കെ.ശ്രീധരൻ**

കോണിലിരുന്ന് കേന്ദ്രത്തിൽ ഉദ്യോഗസ്ഥരിലൂടെയും ജനപ്രതിനിധികളിലൂടെയും ഇനി വികസനത്തിന്റെ മുൻഗണനകൾ നിശ്ചയിക്കേണ്ടതില്ല. ഓരോ കേരളീയനിലും സായിപ്പിന്റെ പ്രേതം കയറിയിട്ടുണ്ട്. കുട്ടിസായിപ്പന്മാർ അമേരിക്കക്കുവേണ്ടി ഇംഗ്ലണ്ടിനുവേണ്ടി, ദുഷിച്ചുനാറിയ വ്യവസ്ഥിതിക്കും മൂല്യങ്ങൾക്കുംവേണ്ടി ശക്തിയായി വാദിച്ചുകൊള്ളും.

അതുകൊണ്ടാണ് ഗ്രാമസഭകളിൽ ആദ്യമായി റോഡ് വേണമെന്നും (അതും പാടത്തിന്റെ നടുവിൽ കൂടി. പിന്നീട് പാടം മുഴുവൻ നികത്തി വീട് വയ്ക്കാമല്ലോ) നിലവിലുള്ള ഉൾവഴികൾ ടാറിടണമെന്നും ആവശ്യമുന്നയിക്കപ്പെടുന്നത്. കമ്പോള സംസ്ക്കാരത്തിൽ ഉപഭോഗസാധനങ്ങൾ ഗ്രാമങ്ങളിൽപോലും കൊണ്ടുചെരിയാനും സർവദാ രോഗികളായ ഗ്രാമീണരെ നഗരങ്ങളിലെത്തിക്കാനും പ്രഥമവും പ്രാധാന്യവുമർഹിക്കുന്നതാണല്ലോ റോഡുകൾ. പിന്നത്തെ ആവശ്യമാണ് എല്ലാ പോസ്റ്റുകളിലും തെരുവ് വിളക്കുകൾ. ഇനിയും ഫണ്ടുണ്ടെങ്കിൽ ഓരോരുത്തരുടെയും വീടിന്റെ മുന്നിൽ വാട്ടർ ടാപ്പുകൾ.

കൈയെത്തി പിടിക്കാവുന്ന ദൂരത്തുള്ള കിണറുകളും ജലാശയങ്ങളും തൂർത്തതിനുശേഷം വമ്പിച്ച വിദേശകടം ഉപയോഗിച്ച് ജലവിതരണ പദ്ധതികളിലൂടെ അതിവിദൂരതയിൽ നിന്നെത്തുന്ന (ചിലപ്പോൾ കിട്ടി, അല്ലെങ്കിൽ നിശ്ചിത സമയത്ത് വന്നെങ്കിലായി) ക്ലോറിൻ വെള്ളത്തിനായി അലസമായി എത്ര നേരം വേണമെങ്കിലും കാത്തിരിക്കുന്നതും വെള്ളം കിട്ടാത്ത പൈപ്പ് ഇനിയും വേണമെന്ന് വാദിക്കുന്നതും പഞ്ചായത്തുകൾപോലും ചെയ്തിരുന്ന ശുദ്ധജല വിതരണത്തിന് ഒരു കേന്ദ്രീകൃത ഏജൻസി -കേരള വാട്ടർ അതോറിട്ടി വന്നതും വെള്ളം കിട്ടിയാലും ഇല്ലെങ്കിലും പഞ്ചായത്തുകൾക്ക് തെരുവു ടാപ്പുകൾക്കുവേണ്ടി പണമടക്കേണ്ടി വരുന്നതും വൈദ്യുതി ഉത്പാദന, വിതരണത്തിനുള്ള മറ്റൊരു ഏജൻസി -സംസ്ഥാന വൈദ്യുതി ബോർഡ്-യിൽനിന്നും തെരുവ് വിളക്കുകൾ മാറ്റിയിടാനുള്ള ചെലവ് വഹിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നല്കിയതും വൈദ്യുതി വിളക്കുകളുടെ ചാർജ് സ്വീകരിക്കാനുള്ള അധികാരം വൈദ്യുതി ബോർഡിൽ നിലനിർത്തിയതും അങ്ങനെയാണ്.



ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനതലമായിട്ടുള്ളത് ഗ്രാമസഭകളാണ്. അവിടെനിന്നുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വികസന രേഖ തയ്യാറാക്കുന്നു. അടുത്തത് വികസന സെമിനാറാണ്. അവിടത്തെ ചർച്ചയും പ്രോജക്ടുകൾ തയ്യാറാക്കാൻ രൂപീകരിച്ചിട്ടുള്ള കർമ്മസമിതികളുടെ ജനറൽ ബോഡിയിലെ തീരുമാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതികൾക്ക് അന്തിമരൂപം നല്കുന്നത്.

ജനങ്ങളും കർമ്മസമിതികളും വികസന സെമിനാറിലെ പ്രതിനിധികളും നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ പഞ്ചായത്ത് ഭരണസമിതിക്ക് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ആത്യന്തികമായി തീരുമാനമെടുക്കാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്കാണെന്നതാണ് ഇതിലെ വൈരുദ്ധ്യം.

ഇവയ്ക്കുപുറമെ, പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെയും വിന്യസിക്കപ്പെട്ട വകുപ്പുകളുടെയും വിന്യസിപ്പിക്കേണ്ട ഉദ്യോഗസ്ഥരുടെയും പ്രശ്നങ്ങളുണ്ട്. പുതിയ ഭരണ സംവിധാനത്തിൽ വർദ്ധമാനമായ കർത്തവ്യങ്ങൾ പഞ്ചായത്തിലെ ജനപ്രതിനിധികൾ നിറവേറ്റുന്നതെങ്ങനെയെന്ന് നോക്കേണ്ടതുണ്ട്. കേരളത്തിലെ സാമൂഹിക സാംസ്കാരിക വളർച്ചയിൽ സന്നദ്ധ പ്രവർത്തനത്തിന് നിർണായകമായ പങ്കുണ്ട്. പഞ്ചായത്താംഗങ്ങൾക്ക് ഓണറേറിയം കൊടുക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഇതുവരെയുണ്ടായിരുന്ന വളണ്ടറിസം ഇല്ലാതാവുകയാണ്. അതിവ്യാപരിബ്യൂറോക്രസിപോലെ തന്നെ ജനപ്രതിനിധികളുടെ ദുഷ്പ്രഭുത്വവും ഉയർന്നുവരാനിടയുണ്ട്. അതുകൊണ്ടുതന്നെയാണ് ഓണറേറിയം വർദ്ധനയ്ക്കുള്ള മുറവിളിയുയർന്നതും അതിലെ ഭേദഗതികൾ ചെറുത്ത് തോല്പിക്കപ്പെട്ടതും. അധികാരം പഞ്ചായത്ത് മെമ്പർ വരെയെന്ന സങ്കല്പം മാറ്റിമറിക്കേണ്ടതുണ്ട്.

താഴെ തട്ടിലുള്ള ആസൂത്രണം സർവതല സ്പർശിയാകണം. വലിയ നാഗരവും സാങ്കേതികവുമായ ഒരു പ്രശ്നം മാത്രമല്ല ഇത്. അധികാരത്തിന്റെയും ഉപഭോഗത്തിന്റെയും ജീവിതശൈലിയുടെയും തലങ്ങൾ ഇതിനുണ്ട്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നാട്ടുകാരുടെയും സാമൂഹ്യപ്രവർത്തകരുടെയും സമവായമുണ്ടാകേണ്ടതുണ്ട്.

വികസനത്തിന്റെ ദിശാഗതി നിയന്ത്രിക്കാവുന്ന ഗ്രാമസഭകൾ സമ്പന്നവും അവിടുത്തെ ചർച്ചകൾ ഗുണപരവുമാക്കാൻ സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സാന്നിദ്ധ്യം സഹായകരമാകും. സുസ്ഥിരമായ വികസനവും ദീർഘകാല നേട്ടങ്ങളും ലക്ഷ്യമാക്കിക്കൊണ്ട് പഞ്ചായത്ത് ഭരണസമിതികൾ അവരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയും വേണം. ഇതോടൊപ്പം പുതിയ സാഹചര്യത്തിൽ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിർവഹിക്കാവുന്ന തരത്തിൽ പഞ്ചായത്തല സൗകര്യങ്ങൾ ഉണ്ടാകുകയും വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും പുനർവിന്യാസം ത്വരിതപ്പെടുത്തുകയും വേണം. അല്ലെങ്കിൽ ഭാരം കൊണ്ട് പഞ്ചായത്തുകൾ ശ്വാസംമുട്ടുകയും പല കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലവിളംബമുണ്ടാകുകയും ചെയ്യും.

(തുടരും)